"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -പാലക്കാട് ജില്ല- മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.അജിത് കുമാരി.ഡി-യ്ക്കെതിരായ അച്ചടക്ക നടപടി- 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

**G.O.(Rt)No.732/2026/LSGD** തീയതി,തിരുവനന്തപുരം, **13-03-2026**

---

പരാമർശം:-
1. ധനകാര്യ (പരിശോധന -എൻ.ടി.എഫ്) വകുപ്പിന്റെ **24-09-2024**-ലെ ഐ.ഡബ്ല്യൂ.എഫ്.**2/45/2023** -ഫിൻ നമ്പർ അന്വേഷണ റിപ്പോർട്ട്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ **28-06-2025**-ലെ **LSGD/PD/42039/2024-VIGD1** നമ്പർ കത്ത്.
3. ശ്രീമതി.അജിത് കുമാരി.ഡി-യ്ക്കെതിരെയുള്ള **17-09-2022**-ലെ **LSGD-ERB1/93/2024-LSGD** നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും
4. ശ്രീ.അജിത് കുമാരി.ഡി സമർപ്പിച്ച **22-10-2025**-ലെ **A-5352380** നമ്പർ അപേക്ഷ
5. ശ്രീ.അജിത് കുമാരി.ഡി സമർപ്പിച്ച **30-10-2025**-ലെ **A5352380** നമ്പർ പ്രതിവാദ പത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ **29-12-2025**-ലെ **LSGD/PD/42039/2024-VIGD1** നമ്പർ കത്ത്

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഓദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച പരാതിയിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച പരാമർശം (1) അന്വേഷണ റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ക്രമക്കേടിന് ഉത്തരവാദിയായ മുൻ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.അജിത് കുമാരി.ഡി യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി ടിയാൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും തുടർന്ന് ശ്രീമതി.അജിത്കുമാരി.ഡി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 17-12-2025-ന് ടിയാളെ നേരിൽ കേൾക്കുകയുമുണ്ടായി.

2. ശ്രീമതി അജിത് കുമാരി.ഡി-യെ നേരിൽ കേട്ടതിലും, ടിയാൾ സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള പ്രതിവാദ പത്രികയിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) അഭിപ്രായ റിപ്പോർട്ട് പരിശോധിച്ചതിലും, ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും, ശ്രീമതി. അജിത് കുമാരിയുടെ ഭാഗത്തു നിന്നും മനപൂർവ്വമല്ലാതെയുള്ള വീഴ്ച സംഭവിച്ചിട്ടുള്ളതായും കാണുന്നു.

3.മേൽ സാഹചര്യത്തിൽ, ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച പരാമർശം (1) അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ മുൻ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.അജിത് കുമാരി.ഡി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി ശ്രീ. ശ്രീകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ/ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയം, പാലക്കാട് എന്ന ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവാകുന്നു.

4.ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RASHEEDA S**

**JOINT SECRETARY**

1. ശ്രീ. ശ്രീകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ/ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയം, പാലക്കാട് ( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. ശ്രീമതി.അജിത് കുമാരി. ഡി , സെക്രട്ടറി, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) ആഡിറ്റ്) കേരള

5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 13-03-2026 15:23:49

സെക്ഷൻ ഓഫീസർ